**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **07-12-2022 - ൽ മറുപടിയ്ക്ക്**

**പാൽ വിപണന ശൃംഖല വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാറായ സാഹചര്യത്തിൽ, ഉല്പാദിപ്പിക്കുന്ന പാലിന് വിപണി ഉറപ്പാക്കുന്നതിന് വിപണന ശൃംഖല വിപുലീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | മേഖലാ യൂണിയനുകൾ സംഭരിക്കുന്ന പാൽ ഉല്പാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാൽ പാക്കറ്റുകളാക്കി വിൽപ്പന നടത്തുന്നതിനോടൊപ്പം തന്നെ അസംഖ്യം പാൽ ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നുണ്ട്. വിപണിയിൽ സുദൃഢമായ വിപണന ശൃംഖല മേഖലാ യൂണിയനുകളിൽ ഒരുക്കിയിട്ടുണ്ട്. ടൗണുകളിലും ഗ്രാമപ്രദേശങ്ങളിലും പാലിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി റീ ഡിസ്ട്രിബ്യൂഷൻ റൂട്ടുകൾ പ്രവർത്തിച്ച് വരുന്നു. റൂറൽ മാർക്കറ്റിംഗിന്റെ ഭാഗമായി ആപ്കോസ് സംഘങ്ങൾ കേന്ദ്രീകരിച്ച് മിൽമ ഷോപ്പികളുടെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. പാലിന്റെ ലഭ്യത ഏതു സമയവും ഉറപ്പ് വരുത്തുന്നതിനായി മാർക്കറ്റിംഗ് ഡിപ്പോകൾ ഹബ്ബുകൾ ഷോപ്പികൾ പാർലറുകൾ എന്നിവയും പ്രവർത്തിച്ച് വരുന്നു. കേരളത്തിന് പുറത്തേക്ക് വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോയമ്പത്തൂർ, ചെന്നൈ, ബാംഗ്ലൂർ, ഹൈദ്രാബാദ്, പൂനെ, ബോംബെ, ഗുജറാത്ത്, ഡൽഹി, ഹരിയാന, മാലിദ്വീപ് എന്നിവിടങ്ങളിൽ ഡിസ്ട്രിബ്യൂട്ടർമാർ വഴി മിൽമ ലോങ് ലൈഫ് പാൽ ഉൾപ്പെടെയുള്ളവ വിപണനം ചെയ്തു വരുന്നു. ആമസോൺ, ഫ്ളിപ്പ്കാർട്ട് എന്നീ ഓൺലൈൻ വിപണന വെബ്സൈറ്റുകൾ വഴി ഇന്ത്യയിലുടനീളം മിൽമ ഉല്പന്നങ്ങൾ ഇന്ന് ലഭ്യമാണ്. "Flight Catering" വഴിയും മിൽമ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.<br><br>സ്വിഗി, പൊട്ടാഫോ തുടങ്ങിയ ഓൺലൈൻ ഡെലിവറി സേവന ദാതാക്കൾ വഴിയും മിൽമ ഉല്പന്നങ്ങൾ ലഭിക്കുന്നു. കേരള പുറത്തുള്ള വിപണികളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചുകൊണ്ട് വിദേശരാജ്യങ്ങളിൽ മിൽമ ഉല്പന്നങ്ങൾ കയറ്റുമതി |

| | | | |
|---|---|---|---|
| | | | നടത്തിയും മിൽമയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാപകമായി നടത്തിവരുന്നു. ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാൽ പ്രാദേശിക വിൽപ്പനയ്ക്ക് ശേഷം മേഖലാ യൂണിയനുകൾക്ക് നൽകുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന പരമ്പരാഗത സംഘങ്ങളിൽ മിക്ക സംഘങ്ങളിലും പ്രാദേശിക വിൽപ്പനയ്ക്ക് ശേഷം പാൽ ബാക്കിയുള്ള പക്ഷം വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണികളിലെത്തിക്കുന്നു. |
| (ബി) | മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കി ക്ഷീര കൃഷി ആദായകരമാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ക്ഷീരമേഖല കൂടുതൽ ലാഭകരമാക്കുന്നതിനായി സർക്കാർ പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാപകമാക്കുന്നതിന് പ്രവർത്തനങ്ങളുമായി സർക്കാർ മുമ്പോട്ടുപോകുകയാണ്. നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ മിൽമ പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുമുണ്ട്.കൂടാതെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള 6 ക്ഷീരപരിശീലനകേന്ദ്രങ്ങളിലൂടെ പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആവശ്യമായ പരിശീലനങ്ങൾ കർഷകർക്കും ക്ഷീരസഹകരണ സംഘങ്ങൾക്കും നൽകി വരുന്നുണ്ട്. ഇത് കർഷകർക്കും സംഘങ്ങൾക്കും അധിക വരുമാനം ലഭിക്കുന്നതിനും ഈ മേഖലയിൽ ലാഭകരമായി പ്രവർത്തിക്കാനും ഇടയാക്കുന്നു. |
| (സി) | പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ വൈയ്ക്കോൽ കത്തിച്ചുകളയേണ്ടി വരുന്ന സാഹചര്യത്തിൽ അവിടെ നിന്നും വൈയ്ക്കോൽ ശേഖരിച്ച് സൈലേജ് ആക്കി സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ ശേഖരിച്ച് സൈലേജ് ആക്കി സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ നിലവിലില്ല. എന്നാൽ ക്ഷീരകർഷകർക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും റെയിൽ മാർഗ്ഗം വൈയ്ക്കോൽ എത്തിക്കുവാനുള്ള നടപടി ക്ഷീരവികസന വകുപ്പിന്റെ പരിഗണനയിലാണ്.<br><br>നിലവിൽ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾ മുഖാന്തിരം ആവശ്യമുള്ള കർഷകർക്ക് സബ്സിഡി നിരക്കിൽ വൈക്കോൽ/ സൈലേജ് എന്നിവ പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ ശേഖരണവുമായി പഞ്ചാബ് ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡുമായി കേരള ഫീഡ്സ് ബന്ധപ്പെട്ടപ്പോൾ കിലോക്ക് 5 മുതൽ 6 രൂപ വരെ വില വരുമെന്നും |

| | | | |
|---|---|---|---|
| | | | പ്രസ്തുത ബെയ്ൽ റോഡ് വഴി ഉള്ള ട്രാൻസ്പോർട്ടിങ്ങ് സംവിധാനം ഏർപ്പെടുത്തുമ്പോൾ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വരുന്നതായി കണ്ടു. എന്നാൽ ഇതിന് കിസാൻ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ് കുറയ്ക്കുന്നതിനെ കുറിച്ച് പരിശോധിച്ച് വരികയാണ്. ഇത് കൂടാതെ സൈലേജ് പഞ്ചാബിൽ നിന്നോ ഇതര സംസ്ഥാനങ്ങളിൽ നിന്നോകൊണ്ടുവന്ന് ക്ഷീര കർഷകരെ സഹായിക്കുന്ന പദ്ധതി കേരള ഫീഡ്സ് വിശദമായി വിവിധ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ